## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 243

19.6.2014 ലെ മറുപടിയ്ക്ക്

### സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ.സെൽവരാജ്<br>,, കെ.മുരളീധരൻ<br>,, ഡോമിനിക് പ്രസന്റേഷൻ<br>,, പി.എ.മാധവൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും സ്കൂൾഅടിസ്ഥാനസൗകര്യങ്ങളുടേയും വിവരങ്ങൾ, ആധാർപ്രകാരമുള്ള വിവരങ്ങൾ എന്നിവ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി ഓൺലൈനായി ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ നൽകുമോ; | (ബി) | ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ വിവിധ തരം സ്കോളർഷിപ്പ്, ഐ.ഇ.ഡി വിഭാഗത്തിലുള്ള സ്കോളർഷിപ്പ്, എസ്.എസ്.എൽ.സി പരീക്ഷയുടെ 'എ' ലിസ്റ്റ് ശേഖരണം തുടങ്ങി ഒരു പൂർണ്ണ വിവരശേഖരണമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| (സി) | എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | സ്കൂൾ അടിസ്ഥാനവിവരം, വിദ്യാർത്ഥികളുടെ വിവരങ്ങൾ, സ്കൂൾ ജീവനക്കാരുടെ വിവരങ്ങൾ തുടങ്ങി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഇപ്പോൾ ഓൺലൈൻ മുഖാന്തിരം ശേഖരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കായി കെൽട്രോൺ, എൻ.ഐ.സി എന്നീ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്. |

സെക്ഷൻഓഫീസർ